"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ്- പലിശ ഇനത്തിൽ സഹകരണ ബാങ്കുകളിൽ അടയ്ക്കുന്നതിനായി ഐ.എ.വൈ. സംസ്ഥാന വിഹിതത്തിൽ നിന്നെടുത്ത 3,93,455 രൂപ ബി.പി.എഫ്.എ. I-ൽ നിന്നും പിൻവലിച്ച് തിരിച്ചടച്ച വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയം ഭരണ (ഡിഡി)വകുപ്പ്

സ.ഉ.(സാധാ) നം.646/2019/ത.സ്വ.ഭ.വ

തീയതി, തിരുവനന്തപുരം, 18/03/2019

---

പരാമർശം:- 1 സ.ഉ. 90/3/ത.സ്വ.ഭ.വ. തീയതി 14.03.2013.

2 വൈക്കം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 13.08.2014-ലെ IV(2) നമ്പർ തീരുമാനം

3 വൈക്കം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 17.09.2014-ലെ VIII-ാം നമ്പർ തീരുമാനം

4 വൈക്കം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 27.01.2017 ലെ I(VI) നമ്പർ തീരുമാനം

5 02.02.2019 ലെ 8011/എച്ച്&ടി 1/2017/ സിആർഡി നമ്പറിലെ ഗ്രാമവികസന കമ്മീഷണറുടെ കത്ത്

<u>ഉത്തരവ്</u>

വൈക്കം ബ്ലോക്ക് പഞ്ചായത്ത് 2012-13 വർഷം 117

ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി ബ്ലോക്ക് പരിധിയിലുള്ള 6 സഹകരണ ബാങ്കുകളിൽ നിന്നായി എടുത്ത 87,75,000/- രൂപ ലോൺ എടുത്തിരുന്നു. ഇപ്രകാരം എടുക്കുന്ന ലോണിൻറെ മുതലും പലിശയും തിരിച്ചടയ്ക്കേണ്ടത് സർക്കാരിൻറെ ഉത്തരവാദിത്വം ആണെന്ന് പരാമർശ(1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(2) തീരുമാന പ്രകാരം 31.03.2014 വരെയുള്ള വായ്പയുടെ പലിശ ഐ.എ.വൈ.ഭവനപദ്ധതിക്ക് സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചിട്ടുള്ള തുകയിൽനിന്നും തിരിച്ചടക്കാൻ തീരുമാനിക്കുകയും ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം ആരായുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ തീരുമാനം ലഭ്യമാവുന്നതിന് മുൻപ് തന്നെ വൈക്കം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(3) തീരുമാനം പ്രകാരം ഐ.എ.വൈ സംസ്ഥാന വിഹിതത്തിൽ നിന്നും തുക പിൻവലിച്ച് ബാങ്കുകൾക്ക് നൽകി. എന്നാൽ 5/11/2014-ലെ 66699/ഡി.ഡി.1/14/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ ബ്ലോക്ക് പഞ്ചായത്തിൻറെ ആവശ്യം നിരാകരിച്ചു. ഈ സാഹചര്യത്തിൽ പലിശ ഇനത്തിൽ ഐ.എ.വൈ. സംസ്ഥാന വിഹിതത്തിൽ നിന്നെടുത്ത 3,93,455/- രൂപ ബി.പി.എഫ്.എ.I-ൽ നിന്നും പിൻവലിച്ച് ഐ.എ.വൈ സംസ്ഥാന വിഹിതത്തിലേക്ക് ബ്ലോക്ക് പഞ്ചായത്ത് തിരികെ അടവാക്കി. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ബ്ലോക്ക് പഞ്ചായത്തിൻറെ മേൽ നടപടിയിൽ വിയോജിപ്പ് രേഖപ്പെടുത്തി. തുടർന്ന് ഓഡിറ്റ് പരാമർശങ്ങൾ ചർച്ച ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തര യോഗം ചേരുകയും വൈക്കം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(4) തീരുമാന പ്രകാരം ഈ കാര്യത്തിൽ സർക്കാരിൻറെ സാധൂകരണം തേടാൻ തീരുമാനിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ, ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ മുതൽ, പലിശ എന്നീ

ഇനത്തിൽ സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പലിശ ഇനത്തിൽ ഐ.എ.വൈ.സംസ്ഥാന വിഹിതത്തിൽ നിന്നെടുത്ത 3,93,455/- രൂപ ബി.പി.എഫ്.എ.- I -ൽ നിന്നും പിൻവലിച്ച് തിരിച്ചടച്ച വൈക്കം ബ്ലോക്ക് പഞ്ചായത്തിൻറെ നടപടിക്ക് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, ഐ.എ. വൈ. ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി വൈക്കം ബ്ലോക്ക് പഞ്ചായത്ത് സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ മുതൽ, പലിശ എന്നീ ഇനത്തിൽ സർക്കാരിൽ നിന്നും തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത ഭവന പദ്ധതിയുടെ കാലാവധി തീർന്നതിനാലും പലിശ ഇനത്തിൽ സഹകരണ ബാങ്കുകളിൽ അടയ്ക്കുന്നതിനായി ഐ.എ.വൈ. സംസ്ഥാന വിഹിതത്തിൽ നിന്നെടുത്ത 3,93,455/- രൂപ ബി.പി.എഫ്.എ-I-ൽ നിന്നും പിൻവലിച്ച് തിരിച്ചടച്ച വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ് :

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, വൈക്കം ബ്ലോക്ക് പഞ്ചായത്ത്, വൈക്കം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ